"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – കേരള സംസ്ഥാന സഹകരണ ബാങ്കിന് അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.481/2025/Co-Op തീയതി, തിരുവനന്തപുരം, 05-11-2025

---

പരാമർശം:-
1. 13/05/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 03/07/2025 ലെ പി&എം എ(5) 5589/2025 നം. കത്ത്
3. സ.ഉ.(സാധാ)നം.349/2025/സഹ തീയതി 19/07/2025
4. സർക്കുലർ നം.35/2024/ധന തീയതി 12/06/2024

**<u>ഉത്തരവ്</u>**

സഹകരണ വായ്പഘടന പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികവും സാങ്കേതികവുമായി കേരള സംസ്ഥാന സഹകരണ ബാങ്കിനെ (കേരള ബാങ്ക്) ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി, "കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ രൂപീകരണത്തിനും മറ്റുമുള്ള സഹായം പദ്ധതി" പ്രകാരം 100.00 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) 4425-108-25-34-3 ഓഹരി ശീർഷകത്തിൽ നിന്നും 2025-2026 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. പ്രസ്തുത തുക റിലീസ് ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സാമ്പത്തികവും സാങ്കേതികവുമായി കേരള സംസ്ഥാന സഹകരണ ബാങ്കിനെ (കേരള ബാങ്ക്) ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി, "കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ

രൂപീകരണത്തിനും മറ്റുമുള്ള സഹായം പദ്ധതി" പ്രകാരം 4425-108-25-34-3 ഓഹരി ശീർഷകത്തിൽ നിന്നും നിലവിലെ സീലിംഗ് പരിധിക്കുള്ളിൽ പരിമിതപ്പെടുത്തിക്കൊണ്ട് (35%) 35 ലക്ഷം രൂപ (മുപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.പരാമർശം (4) ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട്, മേൽതുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/151/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 06-11-2025 09:38:02

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.